(സി) എങ്കിൽ കാർഷിക ഉൽപ്പന്നങ്ങൾ സംസ്ക്കരിക്കുന്നതിനും വിപണന ശൃംഖലകൾ വർദ്ധിപ്പിക്കുന്നതിനും കർഷകരെ പ്രാപ്തരാക്കാൻ പ്രസ്തുത പദ്ധതി എത്രമാത്രം പ്രയോജനപ്പെട്ടു എന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ഡി) പദ്ധതിയുടെ നടത്തിപ്പ് കുറ്റമറ്റതാക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശ്യമുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) പദ്ധതിയുടെ നടത്തിപ്പിനായി നടപ്പു സാമ്പത്തിക വർഷം എന്തുതുക ചെലവഴിച്ചുവെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(എഫ്) ഉൽപ്പന്നങ്ങളുടെ വിലസ്ഥിരത നിലനിർത്താനുള്ള ഫണ്ടിന്റെ ഉപയോഗം, പ്രാഥമിക സംസ്കരണത്തിന് കർഷർക്കുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, മാർക്കറ്റ് എക്സ്റ്റൻഷൻ എന്നീ പദ്ധതികളുടെ നടത്തിപ്പ് വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) കാർഷിക മൊത്ത വ്യാപാര വിപണികൾ സംസ്ഥാനത്ത് സ്ഥാപിക്കുന്നത് മുഖാന്തിരം വിപണനം മെച്ചപ്പെടുത്തുക എന്നുള്ളതാണ് ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യം.

(ബി & സി) വിപണിയുടെ പ്രവർത്തനം ആരംഭിച്ചിട്ടേയുള്ളൂ.

(ഡി) വിശദമായ പ്രവർത്തന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

(ഇ) 4 കോടി രൂപാ ചെലവാക്കി.

(എഫ്) കേരള കാർഷിക വിപണന പ്രോജക്ടിന്റെ കീഴിൽ ഉണ്ടാക്കിയ സംസ്ഥാനതല ഉപദേശക കമ്മിറ്റി ഇക്കാര്യങ്ങൾ പരിശോധിക്കുന്നതാണ്.

പ്രൊവിഡന്റ് ഫണ്ട് കണക്കുകൾ

22 (*529) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ :
ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട് സംബന്ധിച്ച കണക്കുകൾ സൂക്ഷിക്കുന്നത് ആരാണെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാന സർക്കാർ ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട് തുക മിസ്സിംഗ് ക്രെഡിറ്റിൽ പോകുന്നതുമൂലം ജീവനക്കാർക്ക് നഷ്ടമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കഴിഞ്ഞ അഞ്ചുകൊല്ലക്കാലത്ത് സംസ്ഥാന ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ടിലേയ്ക്കടയ്ക്കപ്പെട്ട എന്തു തുക മിസ്സിംഗ് ക്രെഡിറ്റിൽ നഷ്ടപ്പെട്ടിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ : എങ്കിൽ വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അക്കൗണ്ടന്റ് ജനറലിന്റെ മുഖ്യ കർത്തവ്യം ആഡിറ്റിംഗ് ആണെന്നിരിക്കെ ജീവനക്കാരുടെ പി.എഫ്. അക്കൗണ്ടുകൾ അതത് നിയമനാധികാരിതന്നെ സൂക്ഷിക്കണമെന്ന വ്യവസ്ഥ നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഇ) പശ്ചിമബംഗാൾ, രാജസ്ഥാൻ തുടങ്ങിയ സംസ്ഥാനങ്ങളിൽ ജീവനക്കാരുടെ പി.എഫ്. അക്കൗണ്ടുകൾ അതത് നിയമനാധികാരി തന്നെയാണ് സൂക്ഷിക്കുന്നതെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) കേരള സർക്കാരിന്റെ മൊത്തം പ്രൊവിഡന്റ് ഫണ്ട് കണക്കുകളെ സംബന്ധിച്ച വിവരം സൂക്ഷിക്കുന്നത് എ.ജി. (എ ആന്റ് ഇ) കേരള തിരുവനന്തപുരം.

(ബി) മിസ്സിംഗ് ക്രഡിറ്റിന്റെ കാര്യത്തിൽ നഷ്ടം ഉണ്ടാകാൻ സാദ്ധ്യതയില്ല. ധനവകുപ്പിന്റെ സത്വര നടപടിയിലൂടെ പരിഹരിക്കുന്നു.

(സി) കണക്കുകൾ ലഭ്യമല്ല.

(ഡി) പല സംഘടനകളും നിവേദനം കൊടുത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നടപടി ആയിട്ടില്ല.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

കൃഷിയിലേയ്ക്ക് യുവജനങ്ങളെ ആകർഷിക്കുന്നതിന് പദ്ധതി

23 (*530) ശ്രീ. കെ. പി. സതീശ്ചന്ദ്രൻ :
ശ്രീ. പി. വിശ്വൻ :
ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. ജോൺഫെർണാണ്ടസ് :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷിയിലേക്ക് യുവജനങ്ങളെ ആകർഷിക്കുന്നതിനായി എന്തെങ്കിലും പദ്ധതി നടപ്പാക്കി വരുന്നുണ്ടോ ; എങ്കിൽ വെളിപ്പെടുത്തുമോ ;

(ബി) ഏതൊക്കെ കൃഷിമേഖലകളിലാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് ;

(സി) പ്രസ്തുത പദ്ധതിയിലെ അംഗങ്ങൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകി വരുന്നതെന്ന് അറിയിക്കാമോ ;

(ഡി) പദ്ധതിയുടെ പ്രവർത്തനം സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ലക്ഷം യുവാക്കൾക്ക് തൊഴിലവസരം നൽകാൻ സാധിച്ചുവെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly